പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1628 — 21.01.2014 ൽ മറുപടിയ്ക്ക്

## കർഷക രജിസ്ട്രേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീപാലോട് രവി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കർഷക രജിസ്ട്രേഷന് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാനത്തെ എല്ലാ കർഷകരുടേയും, അവരുടെ കൃഷിയെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ഡേറ്റാബേസ് ഉണ്ടാക്കുക, കർഷക ഡേറ്റാബേസ് പൂർത്തിയാക്കുന്ന മുറയ്ക്ക് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നൽകുകയും ചെയ്യുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. |
| (സി) | രജിസ്റ്റർ ചെയ്ത കർഷകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; | (സി) രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ പൂർത്തിയാക്കി കഴിഞ്ഞാൽ, വിവിധ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ പ്രാഥമികമായി തെരഞ്ഞെടുക്കുന്നതിന് സാധിക്കുന്നു. ഇത് മൂലം പരമാവധി കർഷകരെ, കാലതാമസം കൂടാതെ തെരഞ്ഞെടുക്കുന്നതിന് കഴിയും. കൂടാതെ കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് ലഭിക്കുന്നു. കൃഷിയെ സംബന്ധിച്ച വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കർഷകർക്ക് കൂടുതൽ പ്രയോജനപ്രദമായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നതിന് സഹായിക്കുന്നു. |
| (ഡി) | എവിടെയെല്ലാമാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ? | (ഡി) സംസ്ഥാനത്തെ കൃഷിഭവനുകളിലാണ് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.<br>രജിസ്ട്രേഷനുവേണ്ടി കൃഷിഭവനിൽ ലഭ്യമായ അപേക്ഷകളടക്കം കർഷകർ പൂരിപ്പിച്ച് കൃഷിഭവനുകളിൽ നൽകണം. ഇപ്രകാരം ലഭ്യമായ അപേക്ഷകൾ, അക്ഷയ കേന്ദ്രങ്ങളിൽ എത്തിക്കുകയും, അവിടെ വച്ച് അപേക്ഷകളിലെ വിവരങ്ങൾ ഓൺലൈനായി എന്റർ ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ